# താനൂരിലെ ആറക്കോയതങ്ങൾ

— ഡോക്ടർ ആലിക്കുട്ടി, തിരൂർ)

ഇക്കഴിഞ്ഞ വെള്ളിയാഴ്ച (13-5-72) താനൂരിലെ പ്രസിദ്ധനായ ആറക്കോയതങ്ങൾ അന്തരിച്ചു. മഹാനായിരുന്ന ഈ വ്യക്തി കേരളത്തിലെ എല്ലാ വലിയ സയ്യിദ് കുടുംബങ്ങളുമായും ബന്ധമുള്ള ആളാണ്. ജ: സയ്യിദ് അബ്ദുറഹിമാൻ ബാഫഖിതങ്ങളുടെ അളിയനായിരുന്ന അദ്ദേഹം. ജ: ബാഫഖിതങ്ങളുടെ രണ്ടു പുത്രന്മാർ ആറക്കോയതങ്ങളുടെ വീട്ടിൽനിന്നാണ് വിവാഹം കഴിച്ചിട്ടുള്ളത്. പാണക്കാട്ടെ പൂക്കോയതങ്ങളുടെ വീട്ടിൽനിന്നാണ് ആറക്കോയതങ്ങളുടെ മകൻ വിവാഹം കഴിച്ചിട്ടുള്ളത്. തലശ്ശേരിയിലെ കേയിമാരുമായും തങ്ങൾക്ക് ബന്ധമുണ്ട്. ഏകദേശം 9 കൊല്ലത്തോളം തങ്ങളെ ചികിത്സിക്കാനുള്ള ഭാഗ്യം ഈയുള്ളവനുണ്ടായിട്ടുണ്ട്. അദ്ദേഹത്തിനുമഹാവ്യക്തിത്വമുണ്ടായിരുന്നു. കാലത്തിനു മുത്ത് ജീവിക്കുവാൻ അദ്ദേഹത്തിനു വശമുണ്ടായിരുന്നു. ഒരു വലിയ ജന്മിയായിരുന്ന തങ്ങൾക്ക് ഭൂനിയമംമൂലം ഭൂമിയുടെ ഉടമസ്ഥത നഷ്ടപ്പെട്ടുവെങ്കിലും അതിൽ അദ്ദേഹം കുണ്ഠിതനായിരുന്നില്ല. ഗവർമ്മെണ്ട് നിയമത്തിനു അനുസരിച്ചു നാം പോകണം അതിനെ മറികടക്കാനുള്ള കുതന്ത്രം ആരായാൻ വക്കീലന്മാരെ സമീപിക്കാൻ എനിക്ക് വയ്യ എന്നദ്ദേഹം പലപ്പോഴും പറയുന്നതു് കേൾക്കാമായിരുന്നു.

തങ്ങളിൽ ഞാൻ കണ്ട മനസ്സിലാക്കിയ ചില പ്രത്യേകതകൾ ഈ അവസരത്തിൽ കാർത്തുപോകുകയാണ്.

എല്ലാറ്റിലും— വാക്കിലും പ്രവൃത്തിയിലും അദ്ദേഹത്തിനു ഒരു കുലീനതയും ഖുറൈഷിത്തരവും ഉണ്ടായിരുന്നു. അതായത് നാടൻഭാഷയിൽപറഞ്ഞാൽ ഒരു വലിയ രാജകീയമായ തറവാടിത്വം മേലേക്കിടയിലുള്ള സുഖമായ ഭക്ഷണവും ജീവിതവുമായിരുന്ന അദ്ദേഹത്തിന്റേതു്.

അതിഥികളെ സൽക്കരിക്കുന്നതിലുള്ള അതിയായ പ്രിയം. അടിക്കടി കുറെ ആളുകളെ വിളിച്ചു വിഭവസമൃദ്ധമായ സദ്യയുണ്ടാക്കി അവർ തിന്നുന്നതു കണ്ടു് ആസ്വതിക്കുകയും, അവരെക്കൊണ്ടു വീണ്ടുംവീണ്ടും തീറ്റിക്കുകയും ചെയ്യിക്കുക തങ്ങളുടെ പ്രത്യേകതയായിരുന്നു. താനൂരിൽ തങ്ങളുടെ മാളികമുകളിൽ കയറുന്നതു് ആരായാലും ശരി ആ വീടിൽനിന്നുംഎന്തെങ്കിലും ഭക്ഷിച്ചു തിന്നുശേഷമേ ആ ആൾ പുറത്തുപോകാൻ പാടുള്ള എന്നതു് തങ്ങൾക്ക് വലിയ കണിശമായിരുന്നു. താനൂരിൽ വന്നിട്ടുള്ള എല്ലാ മഹാവ്യക്തികളും തങ്ങളുടെ ആഥിത്യം സ്വീകരിക്കാതെ മടങ്ങിപ്പോഴിട്ടുണ്ടാവുകയില്ല എന്നു് തീർത്തുപറയാം.

ഫലിതംപറഞ്ഞ മറവുള്ളവരെ ചിരിപ്പിക്കാനുള്ള തങ്ങളുടെ സാമർത്ഥ്യം കണ്ടു വേറത്തന്നെയായിരുന്നു. എനിക്ക് തന്നെ ഫീസ്തരുമ്പോൾ പല 'തമാശകളും പറയാറുണ്ടായിരുന്നു. 'കാശ് കണ്ടും ഇല്ല, കുറച്ചേയുള്ള ഇത് വാങ്ങിക്കോളി' എന്നു പറഞ്ഞ് തരുന്നഫീസ് മറവുള്ളവർ തരുന്നതിലും ഇരട്ടിയായിരിക്കും. മറവുചില അവസരങ്ങളിൽ പറയും 'ഇത് ഫീസല്ല. ഇത് ബർക്കത്തിനാണ്. പക്ഷെ ബർക്കത്തിനും തങ്ങൾ തന്നതാണല്ലോ എന്നു് കരുതി ആൽമറയിൽ വെക്കേണ്ട, വേണ്ടപ്പോൾ എടുത്ത് ചെലവാക്കണം, കേട്ടോ! അങ്ങിനെ കാരോസമയവും എന്നെ ഫീസ് വാങ്ങാൻ നിർബ്ബന്ധിക്കുമ്പോൾ കാരോതരം ഫലിതം പറയുക പതിവായിരുന്നു.

## 'ചന്ദ്രിക' ഉറ്റ സുഹൃത്ത്

പത്രപാരായണത്തിലും ചിട്ടയുണ്ടായിരുന്നു. പത്രം വായിച്ച നാട്ടിൽനടക്കുന്ന എല്ലാ സംഗതികളെപ്പറ്റിയും തങ്ങൾ പഠിക്കും. മാളികമുകളിൽ കയറിച്ചെല്ലുന്നവരെപിടിച്ചിരുത്തി നാട്ടുകാര്യങ്ങളും ലോകകാര്യങ്ങളും സരസമായി ചർച്ച ചെയ്യുകയും ചെയ്യും. ലോകത്തിൽനടക്കുന്ന എല്ലാ കാര്യങ്ങളെപ്പറ്റിയും ഒരേകദേശരൂപംഅദ്ദേഹത്തിന്നറിയാമായിരുന്നു. 'ചന്ദ്രിക' ദിനപത്രം അദ്ദേഹത്തിന്റെ ഉറ്റ സുഹൃത്തായിരുന്നു.

## ഡോക്ടറെ പഠിപ്പിക്കുന്ന രോഗി

രോഗങ്ങളെപ്പറ്റിയും മരുന്നുകളെപ്പറ്റിയും അദ്ദേഹത്തിനുള്ള അറിവ് തന്നെ പലപ്പോഴും അത്ഭുതപ്പെടുത്തിയിട്ടുണ്ട്. മരുന്നുകഴിക്കേണ്ട വിധവും മരുന്നുകളുടെ ദോഷവും മറവും ഡോക്ടർമാക്കു് അറിയാത്തത് ഞങ്ങളെ പറഞ്ഞു ധരിപ്പിക്കുക പതിവായിരുന്നു. ഏതായാലും താനൂരിലെ ആ വലിയ വീട്ടിലെ മാളികയിൽ ആ വലിയ കട്ടിലിലെ വൻ മെത്തയിൽ ഒട്ടധികം തലയണവെച്ച് ചാരിക്കിടന്നു കൈമുട്ടുകുത്തി വെള്ളത്തൊപ്പിയും ധരിച്ച രോഗബാധിതനായി കിടക്കുമ്പോഴും ഫലിതം പറഞ്ഞു രസിപ്പിക്കുന്ന ആ മഹാവ്യക്തി നമ്മെ എന്നെന്നേക്കുമായി വിട്ടുപിരിഞ്ഞു.

## ഉറക്കം ഒരു ചെറിയ മരണം

മരണം എല്ലാവരും ഏറ്റവും ഭയപ്പെടുന്ന കുന്നാണ്. പക്ഷെ അവന്റെ പിടിയിൽ നിന്നു നമുക്കു രക്ഷപ്പെടാൻ കഴിയുമോ. ഇല്ലേ ഇല്ല! ഇന്നല്ലെങ്കിൽ നാളെ നാമും അവന്റെ പിടിയിൽ അമരും. അതുകൊണ്ട് നമുക്കു് ഇങ്ങിനെ സമാധാനിക്കാം. ഒരു പകൽ മുഴവനും അത്യദ്ധ്വാനം ചെയ്ത ഒരു വ്യക്തിക്കു് രാത്രി ആഹാരം കഴിഞ്ഞാൽ സുഖമായി കുറച്ച് ഉറങ്ങണം. ഉറക്കത്തിൽ അവൻ എല്ലാം മറക്കുന്നു. ഉറക്കം ഒരു ചെറിയ മരണമാണ്. ആ ഉറക്കം അഭികാമ്യവുമാണ്. ഉറക്കം കിട്ടാഞ്ഞാലുള്ളബുദ്ധിമുട്ട് എത്രയാണെന്നു് നമുക്കറിയാമല്ലോ അതുപോലെ ഒരു ജീവിതകാലംമുഴവനും ജോലിചെയ്ത ഒരു വ്യക്തിയുടെ ഒരു ദീർഘ സുഖനിദ്രയാണ് മരണം. രാവിലെ ഉണർന്നു വീണ്ടും ഈ ലോകത്തിലെ ഉരിതങ്ങൾ കാണാനുള്ള അവസരമില്ലാത്ത, ഉണരാത്ത ഒരു നീണ്ട സുഖനിദ്രയാണ് മരണം, അതു് അഭികാമ്യമാണ്. നമുക്കു് അങ്ങിനെ വിശ്വസിക്കാം. അല്ലാഹു പരേതനു മഗ്ഫിറത്ത് നൽകട്ടെ. —ആമീൻ

# ഖാദിർ വൈദ്യർ

പരപ്പനങ്ങാടിയിലെ പഴക്കംചെന്ന ഒരു മുസ്ലിംലീഗ്രകാരനും ഉല്പതിഷ്ണുവുമായിരുന്ന പരേതനായ ഖാദിർവൈദ്യർ. അദ്ദേഹത്തെപ്പോലെ മതനിഷ്ഠയും സ്വഭാവശുദ്ധിയും ഒത്തിണങ്ങിയ വ്യക്തികളെ വിരളമായേ കാണൂ. മതവിജ്ഞാനീയങ്ങളിൽ വ്യുൽപ്പത്തിയുണ്ടായിരുന്ന അദ്ദേഹം മരിക്കുന്നതുവരെ വിജ്ഞാനദാഹിയും വായനപ്രിയനുമായി കാണപ്പെട്ടു.

അടുക്കും ചിട്ടയുമുള്ള ജീവിതം ഖാദിർ വൈദ്യരുടെ പ്രത്യേകതയായിരുന്നു. ഇതു് മതകാര്യങ്ങളിൽ മാത്രം ഒതുങ്ങിനിന്നില്ല. ചായ കടിക്കുന്നതിലും പുകവലിക്കുന്നതിലും എന്തിനധികം, വസ്ത്രധാരണത്തിൽപോലും അദ്ദേഹം കണിശത പാലിച്ചു.

വൈദ്യരുടെ അസാധാരണ വ്യക്തിത്വത്തെ എതിരാളികൾപോലും ആദരിച്ചു. കാലത്തിന്റെ മാറ്റങ്ങൾക്ക് സ്വാധീനിക്കാൻ കഴിയാത്ത ആ നിർമ്മല ജീവിതം അന്ത്യശ്വാസം വരെ കുരേനേർരേഖയിലൂടെയാണ് നീങ്ങിയതു്.

കേരളത്തിലെ ഇസ്ലാഹി പ്രസ്ഥാനത്തിന്റെ നായകന്മാരായിരുന്ന എം. സി. സി. സഹോദരന്മാരുടെ ഒരു ഉത്തമ സുഹൃത്തായിരുന്ന ഖാദിർവൈദ്യർ. എന്നാൽ മർഹൂം എം. സി. സി. അഹ്മദ് മൗലവിയെ അദ്ദേഹം ഒരു ഗുരുവിനെപ്പോലെ കണക്കാക്കി. വൈദ്യരുടെ അപാരമായ മതവിജ്ഞാനത്തിന്റെ ഉറവിടം തന്നെ ആ മൺമറഞ്ഞ പണ്ഡിതനായിരുന്നു. മഗ്രിബിനു വൈദ്യർ അഞ്ചപ്പുര ജുമുഅത്ത് പള്ളിയിലെത്തും. ഇശാനമസ്കാരം കഴിഞ്ഞേ സ്ഥലംവിട്ടു. ഇതിനിടക്കു പലമതകാര്യങ്ങളും ചർച്ചചെയ്യും. ആ സദസ്സിൽ മാലദ്വീപുകാരനും ബഹുഭാഷാ പണ്ഡിതനുമായ ഹസ്സയിൻ ദീദിസാഹിബും പൗരപ്രമുഖനായ സൂപ്പിക്കുട്ടി ഹാജിയും ചിലപ്പോഴൊക്കെ ഈ ലേഖകനുമുണ്ടാവും. രോഗഗ്രസ്തനാവുന്നതുവരെ ഈ സമ്പ്രദായം ഊനം തട്ടാതെ തുടർന്നു.

പ്രഥമദൃഷ്ട്യ യാഥാസ്ഥിതികനാണെന്നു തോന്നുമെങ്കിലും ഖാദിർവൈദ്യർ അക്ഷരത്തിലും അർത്ഥത്തിലും ഉല്പതിഷ്ണുവായിരുന്നു.

പരപ്പനങ്ങാടിയിലെ ഏക മുസ്ലിം ആര്യവൈദ്യനായിരുന്ന പരേതനു രോഗം കണ്ടുപിടിക്കുന്നതിലും ഫലപ്രദമായ ചികിത്സ വിധിക്കുന്നതിലുമുണ്ടായിരുന്ന പ്രാവീണ്യം പ്രത്യേകം എടുത്തു പറയത്തക്കതാണ്.

എല്ലാപരീക്ഷണഘട്ടങ്ങളിലും മുസ്ലിംലീഗിന്റെ പിന്നിൽ മറ്റച്ചനിന്ന പരേതൻ 'ചന്ദ്രിക'യുടെ ഉറ്റബന്ധുകൂടിയായിരുന്നു. സ്വാതന്ത്ര്യസമ്പാദനത്തിനുമുമ്പ് ജ: സി. പി. കുഞ്ഞാലിക്കുട്ടിക്കേയിസാഹിബും ഇപ്പോൾമന്ത്രിപദം അലങ്കരിക്കുന്ന ജ: അവുക്കാദർകുട്ടിനഹാസാഹിബും ഏജണ്ടുമാരായിരുന്നപ്പോൾ ചന്ദ്രികയുടെ വരിക്കാരനായിത്തീർന്ന അദ്ദേഹം മരിക്കുന്നദിവസംവരെ ആ നിലനിർവിഘ്നം തുടർന്നു. ഇങ്ങിനെ ബഹുമുഖങ്ങളായ തുറകളിൽ തെളിഞ്ഞ വ്യക്തിത്വവും പുലർത്തിയ ഒരു നല്ല മനുഷ്യനാണ് ഖാദിർവൈദ്യരുടെ നിര്യാണമൂലം നഷ്ടപ്പെട്ടത്. പരേതനു അല്ലാഹു പരലോകശാന്തി നൽകട്ടെ. ആമീൻ.

—കെ. കെ. മുഹമ്മദ് മദനി